അവൾ ദ്രൗപതി,
ദ്രുപദ രാജാവിന്റെ പുത്രി. യജ്ഞസേനി, യാഗാഗ്നിയിൽ ജനിച്ചവൾ...പാഞ്ചാലി, പാണ്ഡവരു ടെ ധർമ്മപത്നി... ദേവകന്യയായിരുന്നു അവൾ, താമര മൊട്ടു പോലുള്ള മിഴികളും, കാർമേഘം കടഞ്ഞെടുത്ത കാർകൂന്തലും, നീലത്താമരയുടെ സൗരഭ്യവുമുള്ളവൾ....

ജോഫി ജോണിന്റെ ഭാവദീപ്തമായ വാക്കുകൾ അരുൺ ബാലകൃഷ്ണന്റെ ആകർഷകമായ ശബ്ദത്തിൽ പുറത്ത് വന്നപ്പോൾ ആ ദ്രൗപതിക്ക് പൂർണത വന്നത് ആ വാക്കുകളിൽ വഴിഞ്ഞൊഴുകിയ സൗന്ദര്യവും ഭാവവും ഒരു നർത്തകിയിൽ ഒത്തുചേർന്നപ്പോഴാണ്.

ഗുരുവായൂർ കേശവൻ എന്ന ചിത്രത്തിലെ "സുന്ദര സ്വപ്നമേ നീയെനിക്കേകിയ വർണചിറകുകൾ വീശി..." ഉൾപ്പടെ നിരവധി ഗാനങ്ങൾക്ക് ഭാവതീവ്രമായ ആവിഷ്കാരം നൽകിയ ആ നർത്തകിയാണ് ഇന്നത്തെ ദളത്തെ സമ്പുഷ്ടമാക്കുന്നത്.

പാർവതി സൂരജ്
ഫെഡറൽ ബാങ്ക്
പരിയാരം ശാഖ.

തൊടുപുഴ സ്വദേശിയായ ശ്രീ വി സി വിജയനും കോട്ടയം സ്വദേശിനിയായ ശ്രീമതി ശ്രീദേവിയും ജോലിസംബന്ധമായാണ് പാലക്കാട് ചേക്കേറിയത്. ശ്രീ വിജയൻ പാലക്കാട് ശ്രീകൃഷ്ണപുരം വി ടി ഭട്ടതിരിപ്പാട് കോളേജിലെ പ്രിൻസിപ്പൽ ആയാണ് റിട്ടയർ ചെയ്തത്. ശ്രീദേവി ഒറ്റപ്പാലം എൻ എസ് എസ് കോളേജിലെ ഗണിതശാസ്ത്രം പ്രൊഫസർ ആയി വിരമിച്ചു. ഇവരുടെ രണ്ടു മക്കളിൽ മൂത്തയാളാണ് പാർവതി. പാർവതിയുടെ അനുജൻ ഡോക്ടർ രവിശങ്കർ തൃശ്ശൂർ മെഡിക്കൽ കോളേജിലെ ദന്ത വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസർ ആണ്.

പാർവതിയുടെ സ്കൂൾ വിദ്യാഭ്യാസം ഒറ്റപ്പാലം എൽ എസ് എൻ ഗേൾസ് ഹൈസ്കൂളിൽ ആയിരുന്നു. നാലാമത്തെ വയസ്സു മുതൽ ഭരതനാട്യം അഭ്യസിക്കാൻ തുടങ്ങിയ പാർവതി സ്കൂൾ കാലഘട്ടത്തിൽ ഭരതനാട്യം, തിരുവാതിര,മാർഗംകളി കഥാരചന കവിതാരചന എന്നിങ്ങനെ എല്ലാ ഇനങ്ങളിലെയും സ്ഥിര മത്സരാർത്ഥിയും സമ്മാനാർഹയും ആയിരുന്നു. പലയിനങ്ങളിലും റവന്യൂ ജില്ല കലോത്സവങ്ങളിലും പങ്കെടുത്ത് സമ്മാനങ്ങൾ നേടിയിട്ടുണ്ട്. സ്കൂൾ കാലഘട്ടത്തിൽ തന്റെ ചില കവിതകൾ മാതൃഭൂമി വാരികയിൽ അച്ചടിച്ചു വന്നിട്ടുണ്ട് എന്ന് പറയുമ്പോൾ പാർവതിയുടെ വാക്കുകളിൽ അഭിമാനം നിറഞ്ഞു.

പ്രശസ്തനായ കൂത്ത് കലാകാരൻ മാണി മാധവ ചാക്യാരുടെ കൊച്ചുമകൾ ജ്യോതിശ്രീയായിരുന്നു ഭരതനാട്യത്തിൽ പാർവതിയുടെ ആദ്യ ഗുരു. മുതിർന്ന ക്ലാസുകളിൽ എത്തിയപ്പോഴേക്കും പഠനത്തിൽ കൂടുതൽ ശ്രദ്ധ വേണം എന്ന മാതാപിതാക്കളുടെ നിർദ്ദേശത്തിൽ പാർവതി നൃത്ത പഠനത്തിന് ചെറിയൊരു ഇടവേള നൽകി.

പ്ലസ് ടു കേരളത്തിനു പുറത്ത് പഠിക്കണം എന്ന ആഗ്രഹം പാർവതിയെ കൊണ്ടെത്തിച്ചത് കോയമ്പത്തൂർ പി എസ് ജി കൃഷ്ണമ്മാൾ കോളേജിലാണ്. തുടർന്ന് ബിഎസ് സി അഗ്രികൾച്ചറലിന് തമിഴ്നാട് അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ വെല്ലൂർ ക്യാമ്പസിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു.

പാർവതിയുടെ ജീവിതത്തിൽ കലയുടെ വസന്തം പൂത്തു വിടരുന്നത് ഈ കാലഘട്ടത്തിലാണ്. ഭരതനാട്യം വീണ്ടും പുനരാരംഭിച്ചു. ബിരുദ വിദ്യാഭ്യാസകാലത്തെ നാലുവർഷവും ഇന്ററർ കൊളീജിയേറ്റ് മത്സരങ്ങളിൽ പാർവതിക്കായിരുന്നു ഭരതനാട്യത്തിന് ഒന്നാം സമ്മാനം. വെല്ലൂര് നൃത്തത്തിന് പേരുകേട്ട ഒരു ഗ്രാമമാണ് കലവൈ. എല്ലാവർഷവും അവിടെ മിസ്സ് കലവൈ പട്ടത്തിന് ഒരു മികച്ച നർത്തകിയെ തെരഞ്ഞെടുക്കാറുണ്ട്. 2006ൽ ആ പട്ടം സ്വന്തമാക്കിയത് പാർവതിയാണ്.

അക്കാലത്ത് കോളേജിലെ ഒരു ചടങ്ങിൽ പങ്കെടുത്ത തമിഴിലെ പ്രശസ്തനായ ഒരു സംവിധായകൻ പാർവതിയുടെ നൃത്തത്തിൽ ഏറെ ആകൃഷ്ടനാവുകയും തന്റെ അടുത്ത ചിത്രത്തിൽ ഒരു നായികാ വേഷം നൽകാമെന്ന് പൊതുചടങ്ങിൽ വാഗ്ദാനം നൽകുകയും ചെയ്തു. എന്നാൽ വീട്ടിൽ സമ്മതം ലഭിക്കാൻ സാധ്യതയില്ല എന്ന കാരണത്താൽ അല്പം വിഷമത്തോടെയാണെങ്കിലും പാർവതി മൗനമായി അതിനെ നിരസിക്കുകയാണ് ചെയ്തത്.

ബിരുദ പഠനം പൂർത്തിയാക്കുമ്പോൾ യൂണിവേഴ്സിറ്റിയിൽ നിന്നും മൂന്ന് പേപ്പറുകളിൽ പാർവതി റാങ്ക് ജേതാവായിരുന്നു.

2007ൽ ബിരുദ പഠനം പൂർത്തിയാക്കിയ ഉടനെ തന്നെ പാർവതി ഐ സി ഐ സി ഐ ബാങ്കിൽ ഓഫീസർ ട്രെയിനിയായി തെരഞ്ഞെടുക്കപ്പെട്ടു. 2008ൽ ഫെഡറൽ ബാങ്കിലെ പ്രബേഷനറി ഓഫീസർ പരീക്ഷയും പാസായി. അതേ വർഷം തന്നെ പബ്ലിക് സർവീസ് കമ്മീഷൻ വഴി കൃഷി ഓഫീസറായും തെരഞ്ഞെടുക്കപ്പെട്ടു.

എന്നാൽ പാർവതി തിരഞ്ഞെടുത്തത് ഫെഡറൽ ബാങ്കിലെ ഉദ്യോഗമാണ്. കോഴിക്കോട് ആയിരുന്നു ആദ്യ നിയമനം. സിറ്റി ശാഖയിലും രാമനാട്ടുകര ശാഖയിലും കൊരട്ടി ശാഖയിലുമായി നാലുവർഷം കടന്നുപോയി. 2012ൽ പ്രമോഷൻ നേടി കോട്ടയം കുറവിലങ്ങാട് ശാഖയിലെത്തി. അവിടെനിന്നും കഞ്ചിക്കോട്, ഇരിങ്ങാലക്കുട തുടങ്ങിയ ശാഖകളിൽ ജോലി ചെയ്ത ശേഷം പുല്ലൂറ്റ് ശാഖയിൽ ശാഖാ മാനേജരായി. അവിടെനിന്നാണ് ഇന്ന് ജോലിചെയ്യുന്ന പരിയാരം ശാഖയിൽ എത്തിയത്.

2008ലാണ് ചാലക്കുടി സ്വദേശിയായ സൂരജ് പാർവതിയുടെ ജീവിത പങ്കാളിയാവുന്നത്. ആദ്യകാലങ്ങളിൽ താനൊരു നർത്തകയാണെന്ന വിവരം പാർവതി സൂരജിനെ അറിയിച്ചിരുന്നില്ല. ഒരു സുഹൃത്ത് സംഗമ വേളയിൽ ഒരു സുഹൃത്ത് പാർവതിയോട് നൃത്തത്തെക്കുറിച്ചും മറ്റും ചോദിക്കുന്ന വേളയിലാണ് സൂരജ് അതേപ്പറ്റി അറിയുന്നത്. പിന്നീട് സൂരജിന്റെ

നിർബന്ധത്തിൽ ആണ് പാർവതി വീണ്ടും നൃത്ത പഠനം തുടരുന്നത്. തൃച്ചി ആസ്ഥാനമായുള്ള കലൈക്കാവേരി കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസിൽ സർട്ടിഫൈഡ് ട്രെയിനർ ആയ രമ്യ ശിവരാമകൃഷ്ണന്റെ ശിക്ഷണത്തിലാണ് ഇന്ന് പാർവതി നൃത്ത പഠനം തുടരുന്നത്. ശിഹാബ് സാരംഗിനൊപ്പം മോഹിനിയാട്ട പഠനവും.

മർച്ചന്റ് നേവിയിൽ മറൈൻ എൻജിനീയറായി ജോലി നോക്കുന്ന സൂരജ് ആണ് പാർവതിയുടെ നൃത്തത്തിന്റെ ഏറ്റവും വലിയ ആരാധകൻ. ചാലക്കുടി സി എം ഐ സ്കൂളിൽ ഏഴാം ക്ലാസിൽ പഠിക്കുന്ന പാർത്ഥും ആറാം ക്ലാസിൽ പഠിക്കുന്ന സിദ്ധാർത്ഥും പാർവതിയുടെ നൃത്തത്തിന് പിന്തുണയുമായി എപ്പോഴും ഉണ്ട്.

സാമൂഹ്യമാധ്യമങ്ങളിൽ സ്ഥിരമായി നൃത്തങ്ങൾ അവതരിപ്പിച്ചു കൊണ്ടിരുന്ന പാർവതിക്ക് ടാലന്റഡ് ബാങ്കേഴ്സ് വഴി ലഭിച്ച ചില സൗഹൃദങ്ങളാണ് പുതിയ പുതിയ മേഖലകൾ തുറന്നു കൊടുത്തത്. ജോഫി ജോണിന്റെ പല രചനകൾക്കും ജീവൻ നൽകുന്ന ചുമതല പാർവതിയിൽ വന്നു ചേർന്നു. അങ്ങനെയാണ് പാർവതി ദ്രൗപതിയായി മാറിയത്. സുധീർ ഗോപാലകൃഷ്ണന്റെ ഛായാഗ്രഹണം പാർവതിയുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്ന തരത്തിലുള്ളതായി മാറി. ഇതുവരെ ടാലന്റഡ് ബാങ്കേഴ്സിന്റെ ഒരു മീറ്റിലും പങ്കെടുക്കാൻ കഴിഞ്ഞിട്ടില്ല എന്ന് പറയുമ്പോൾ പാർവതിയുടെ ശബ്ദത്തിൽ നേരിയ വിഷാദഛായ കലർന്നു. വരുന്ന തിരുവനന്തപുരം മീറ്റിലും ജനുവരി 19ന് നടക്കുന്ന തൃശൂർ പാലക്കാട് ജില്ലകളുടെ മീറ്റിലും തന്റെ സാന്നിദ്ധ്യം ഉറപ്പാക്കാനുള്ള ശ്രമത്തിലാണ് പാർവതി.

പുതിയ വേഷങ്ങളും ഭാവങ്ങളും ആയി സാമൂഹ്യ മാധ്യമത്തിലും ടാലന്റഡ് ബാങ്കേഴ്സിന്റെ വേദികളിലും തിളങ്ങാൻ പാർവതിക്ക് കഴിയട്ടെ എന്ന് ടാലന്റ് ബാങ്കേഴ്സ് കുടുംബം ആശംസിക്കുന്നു.

-----------------------------------------------------------------------------------------------

തയ്യാറാക്കിയത് : അനിൽ ഉണ്ണിത്താൻ ( Anil Unnithan), സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, കൊല്ലം ശാഖ

English version: Drisya Saseendran , Union Bank of India, Regional Office, Udupi

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, RBO തിരുവല്ല

-----------------------------------------------------------------------------------------------

Here goes the enticingly expressive words of Jofy John,while in the event of making it's way through the mellifluous voice of Arun Balakrishnan,instinctly instilled the synergy of beauty and creativity bringing to fruition the sublime completeness of Draupathi culminating in the eternal manifestation of art.

'Draupathi- the daughter of Drupada;
She birthed from fire.

Panchali, the wife of Pandavas;
A divine maiden she was
With lotus bud like eyes,
And cloud- like tresses
Lingering the fragrance of blue lotus'.

This week, let's put our spotlight on the dancer who has imparted soul to countless songs including 'Sundara swapname nee enikkekiya varnachirakukal veeshi' from the movie, Guruvayur Kesavan.

Parvathi Suraj
Federal Bank
Pariyaram branch

Parvathi was born to Shri V.C.Vijayan and Smt. Sreedevi who hailed from Thodupuzha and Kottayam respectively, and had settled in Palakkad as required by their professions. Shri Vijayan, retired as principal from Sreekrishnapuram V.T. Bhattathiripad College, Palakkad and Smt. Sreedevi, as a Mathematics professor from NSS College Ottappalam. Parvathi's younger brother, Dr. Ravishankar, serves as an Assistant Professor of dentistry in Thrissur Medical College.

Parvathi had her early years of education at LSN Girls' High School, Ottapalam where she transformed as a prodigious talent. At the tender age of four, she commenced her journey into the world of Bharatanatyam. She proved her skills in Bharatanatyam, Thiruvathira, Margamkali, story writing, and poetry, winning numerous competitions and earning accolades, including at the revenue district arts festivals. Her poems were published in Mathrubhumi Weekly, which she still cherishes as a great achievement.

Her first dance guru was Jyothishree, grand daughter of the legendary Koothu artist, Mani Madhava Chakyar. However, as academics demanded greater focus, Parvathy's parents urged a pause in her artistic pursuits, a decision she honoured.

Her aspiration to pursue studies outside Kerala led her to PSG Krishnammal College in Coimbatore for higher secondary studies, followed by a BSc in Agriculture at Vellore Campus under the aegis of Tamil Nadu Agricultural University. It was during these years that art reclaimed its place in her life. Parvathi resumed Bharatanatyam with renewed vigour and stood first at intercollegiate competitions for four years in a row. She earned the coveted Miss Kalavai title in 2006.

During that time, a renowned Tamil film director discerned her talent at a college event, and offered her a leading role in his upcoming project. Yet, Parvathi, mindful of familial restrictions, politely declined the opportunity.

When graduating in 2007 she was a university rank holder in three subjects. Soon after, Parvathi got selected as an Officer trainee at ICICI Bank. In 2008, she cleared the probationary officer exam of Federal Bank and was also selected as an Agricultural Officer through the Public Service Commission. However, Parvathi chose to join Federal Bank, beginning her career in Kozhikode.

Parvathi has since worked in branches across Kerala, including City branch, Ramanattukara branch and Koratty branch. She got posted in Kuravilangad branch upon promotion in 2012 following which she served in Kanjikode and Irinjalakuda branches. Thereafter she was posted as the branch head of

Pulloott branch and presently she is working at Pariyaram branch.

In 2008, she married Suraj, a Marine Engineer from Chalakudy. At first, she kept her dance a secret, but he accidentally came to know about it during a get together of friends. His encouragement rekindled her love for dance. She resumed her training under the tutelage of Ms. Ramya Shivaraman, a certified trainer at Kalaikaveri College of Arts and Sciences headquartered in Trichy, and she has also been learning Mohiniyattam under Shihab Sarang.

Suraj, her unwavering supporter, and their sons, Parth, a seventh grader, and Siddharth, a sixth grader pursuing their education at CMI school in Chalakudy stand as pillars of strength, ever cheering her on.

It was through Talented Bankers that she garnered new connections, which led her to new realms of creativity. That is how she found herself embodying Draupadi, dancing alongside the poetic words of Jof John. Sudheer Gopalakrishnan's cinematography enhanced her confidence.

Though she has not been able to attend Talented Bankers meet yet, Parvathi eagerly awaits to attend the upcoming TB Meet in Trivandrum in May 2025, and the chapter meet of Thrissur and Palakkad Chapter scheduled on January 19th.

Talented Bankers Community wishes the best for Parvathi and her family. May she continue to illuminate the world of art, gracing social media and Talented Bankers platforms with her ever-evolving creativity.